## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4087 — 27.6.2012 ന് മറുപടിയ്ക്ക്.

### ധനുവച്ചപുരം ഐ. ടി. ഐ.യിൽ ട്രേഡുകൾക്ക് എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിക്കാൻ നടപടി

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ. എ. റ്റി. ജോർജ് : | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ധനുവച്ചപുരം ഐ. ടി. ഐ.യിൽ സി. ഒ. ഇ. ഉൾപ്പെടെ എത്ര ട്രെയിഡുകൾക്ക് എൻ. സി. വി. റ്റി. അഫിലിയേഷൻ ലഭിച്ചിട്ടില്ലായെന്നും എൻ. സി. വി. റ്റി. അഫിലിയേഷൻ ലഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | (എ) ധനുവച്ചപുരം ഐ. ടി. ഐ യിലെ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം പ്രകാരമുള്ള ഒരു ട്രേഡിനും (മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ് - 1 യൂണിറ്റ്), സി.ഒ.ഇ. പ്രൊഡക്ഷൻ ആന്റ് മാനുഫാക്ചറിംഗ് സെക്ടറിലെ ഒരു ബേസിക് മൊഡ്യൂളിനും (ബേസിക് സി.എൻ.സി. പ്രോഗ്രാമിംഗ് ആന്റ് ഓപ്പറേഷൻ ആന്റ് ഹൈഡ്രോളിക്സ് ആന്റ് ന്യൂമാറ്റിക് - 1 യൂണിറ്റ്), മൂന്ന് അഡ്വാൻസ്ഡ് മോഡ്യൂളുകൾക്കും (സി.എൻ.സി. മെഷീനിംഗ്, സി എ ഡി/സി എ എം, അഡ്വാൻസ്ഡ് വെൽഡിംഗ് - രണ്ട് യൂണിറ്റുവീതം) എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിച്ചിട്ടില്ല.<br><br>ഡയറക്ടറേറ്റ് ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് - ന്റെ ഏറ്റവും പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം എൻ.സി.വി.റ്റി. അഫിലിയേഷൻ പരിശോധനകൾക്കായി ട്രേഡുകളുടെ കുറഞ്ഞത് രണ്ട് യൂണിറ്റുകൾ ആവശ്യമാകയാൽ ടി ഗവൺമെന്റ് ഐ.ടി.ഐ. യിലെ മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്സ് ട്രേഡിന് ഒരു അധിക യൂണിറ്റ് കൂടി ആരംഭിക്കുന്നതിനുള്ള അനുമതിക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ടി ഗവൺമെന്റ് ഐ.ടി.ഐ. യിലെ സി.ഒ.ഇ. പ്രൊഡക്ഷൻ ആന്റ് മാനുഫാക്ചറിംഗ് സെക്ടറിലെ ഒരു ബേസിക് മൊഡ്യൂളിനും മൂന്ന് അഡ്വാൻസ്ഡ് മൊഡ്യൂളുകളിലും എൻ.സി.വി.ടി. അഫിലിയേഷൻ നേടിയെടുക്കുന്നതിന്റെ ഭാഗമായി വകുപ്പുതല അഫിലിയേഷൻ പരിശോധനകൾ വിജയകരമായി |

പൂർത്തിയാക്കിയിട്ടുണ്ട്. ടി മൊഡ്യൂളുകൾക്ക് എൻ.സി.വി.ടി അഫിലിയേഷൻ ലഭിക്കുന്നതിന് മുന്നോടിയായുള്ള അഫിലിയേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ബി) സർക്കാർ ഐ. ടി. ഐ.കളിൽ എത്ര ലക്ഷം രൂപയുടെ മെഷീനുകൾ പ്രവർത്തനരഹിതമായി അവശേഷിക്കുന്നുണ്ടെന്നും പ്രസ്തുത മെഷീനുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്നതിന്റെയും വിശദാംശം വെളിപ്പെടുത്തുമോ; | (ബി) വ്യാവസായിക പരിശീലന വകുപ്പിൻ കീഴിൽ വരുന്ന ഐ.ടി.ഐ. കളിൽ റിപ്പയർ ചെയ്യാൻ കഴിയാത്തതരത്തിൽ ഉപകരണങ്ങൾ പ്രവർത്തനരഹിതമായി അവശേഷിക്കുന്നില്ല. ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ തുകയും വിദഗ്ദ ടീമുകളും ലഭ്യമായതിനാൽ യഥാസമയം റിപ്പയർ ആവശ്യമായ ഉപകരണങ്ങൾ റിപ്പയർ ചെയ്തുവരുന്നുണ്ട് എന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) മുൻ ബഡ്ജറ്റിൽ പർച്ചേസ് ഉൾപ്പെടെ വ്യവസായിക പരിശീലന വകുപ്പിന് അനുവദിച്ച തുകയിൽ എത്ര ലക്ഷം രൂപ ലാപ്സായിട്ടുണ്ട് എന്ന് അറിയിക്കുമോ? | (സി) 2011 – 12 വർഷം പദ്ധതിയിനത്തിൽ ആകെ 60.78 കോടി രൂപയാണ് അനുവദിച്ചിരുന്നത്. ഇതിൽ 42.81 കോടി രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ